"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കെ.ടി.ഡി.സി- ജീവനക്കാര്യം- ചൈത്രം ഹോട്ടലിലെ നവീകരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് നടത്തിയ സിവിൽ വർക്കിലെ അപാകത- കുറ്റാരോപിതരായ ഉദ്യാഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി- ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി നിയമിച്ച്- ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2025/TSM തീയതി,തിരുവനന്തപുരം, 05-02-2025

---

പരാമർശം:- 1. 22-11-2024 ലെ സ.ഉ.(സാധാ) നം.674/2024/TSM നമ്പർ ഉത്തരവ്.

2. ശ്രീമതി. അനിത കുമാരി സി.എൻ, അഡീഷണൽ ഡയറക്ടർ(ഹോസ്പിറ്റാലി) സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ചൈത്രം ഹോട്ടലിലെ സിവിൽ വർക്കിലെ അപാകത സംബന്ധിച്ച് വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം കുറ്റാരോപിതരായ ശ്രീമതി ഷീബ എസ്. കല്ലുവെട്ടം, എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), ശ്രീമതി അജിത കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) എന്നിവർക്കെതിരെ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി. അനിത കുമാരി സി.എൻ, വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ(ഹോസ്പിറ്റാലി)യെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വ്യക്തിപരമായ കാരണങ്ങളാൽ അവധിയിലാണ് എന്നും അതിനാൽ അന്വേഷണ ചുമതല, അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലി) ചാർജ് ഉള്ള ഉദ്യോഗസ്ഥനോ മറ്റേതെങ്കിലും ഓഫീസർക്കോ മാറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. അനിത കുമാരി സി.എൻ, അഡീഷണൽ ഡയറക്ടർ(ഹോസ്പിറ്റാലി) പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി ഷീബ എസ്. കല്ലുവെട്ടം, ശ്രീമതി അജിത കെ. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി, വിനോദസഞ്ചാര വകുപ്പിലെ അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലി) യുടെ പൂർണ്ണ അധിക ചുമതലയുള്ള, ശ്രീ. അഭിലാഷ് കുമാർ റ്റി.ജി, ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഔപചാരിക അന്വേഷണം നടത്തുന്നതിലേക്കായി ശ്രീമതി. അനിത കുമാരി സി.എൻ,-ന് നൽകിയിട്ടുള്ള രേഖകളുടെ പകർപ്പുകൾ ശ്രീ അഭിലാഷ് കുമാർ റ്റി.ജി, ക്ക് കൈമാറേണ്ടതും മേൽ വകുപ്പുതല അന്വേഷണം ഈ ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനകം പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, ടൂറിസം ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, കോർപ്പറേറ്റ് ഓഫീസ്, മസ്കറ്റ് സ്ക്വയർ, തിരുവനന്തപുരം.
ശ്രീ അഭിലാഷ് കുമാർ റ്റി.ജി, ജോയിന്റ് ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്.
ശ്രീമതി. അനിത കുമാരി സി.എൻ, അഡീഷണൽ ഡയറക്ടർ(ഹോസ്പിറ്റാലി), വിനോദ സഞ്ചാര വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 06-02-2025 10:49:57

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്